# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035 ഇ മെയിൽ: dhskerala.hlth@kerala.gov.in

**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) നടപടിക്രമം**

വിഷയം:- ആ വ ഡ -ജീവനക്കാര്യം ശ്രീമതി ഗ്രീന പി .എസ് സമൂഹികാരോഗ്യ കേന്ദ്രം കരുവാരക്കുണ്ട് മലപ്പുറം അന്തർ ജില്ല സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.DMOH-MLPM/2446/2025-A4** തീയതി **05.04.2025.**

**2.DMOH-KLM/3776/2025-A4** തീയതി **10.09.2025**

**3.Letter DSW/920/2025-B3** സൈനിക ക്ഷേമ ഡയറക്ടറേറ്റ് തീയതി **19.09.2025.**

**4.GOP 36/91/P &ARD Dated 02.12.1991.**

**ഉത്തരവ് നം. DHS/15675/2025-FWA4 തീയതി. 06-01-2026**

മലപ്പുറം കരുവാരക്കുണ്ട് സമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ശ്രീമതി. ഗ്രീന പി .എസ് കൊല്ലം ജില്ലയിലേയ്ക്ക് സൈനികന്റെ ആശ്രിത എന്ന പരിഗണന നൽകി അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സൂചന (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായിട്ടുണ്ട് .

കൊല്ലം ജില്ലയിൽ അന്തർ ജില്ല സ്ഥലം മാറ്റത്തിനായി ഒരു ഒഴിവ് ഉള്ളതായി സൂചന 2 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട് . ടിയാളുടെ ഭർത്താവ് ശ്രീ .പ്രദീപ് . ഡി സേവനത്തിൽ ഉള്ള വിവരം കമാൻഡിങ് ഓഫീസർ മേൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്. **GOP 36/91/P &ARD Dated 02.12.1991** ഉത്തരവിലെ ഖണ്ഡിക 4 (i) പ്രകാരം സൈനികരുടെ അടുത്ത ആശ്രിതർക്ക് ജില്ലാ തല നിയമനങ്ങളിൽ 5 വർഷത്തെ സേവന കാലയളവിൽ ഇളവു വരുത്തി അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാമെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചുകൊള്ളാമെന്നും അന്തർ ജില്ല സ്ഥലംമാറ്റം മുഖേന അനുവദിക്കുന്ന ജില്ലയിൽ ജോലിയിൽ പ്രേവേശിക്കുന്ന ദിവസം ഡിപ്പാർട്ട്മെന്റിലെ ഏറ്റവും ജൂനിയർ ആയ ആളുടെ ജൂനിയർ ആയി കണക്കാക്കുന്നതിനും സമ്മതമാണെന്നും ശ്രീമതി ഗ്രീന പി .എസ് സത്യ പ്രസ്ഥാവന നല്കിയിട്ടുണ്ട് .

ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം കരുവാരക്കുണ്ട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II

ശ്രീമതി. ഗ്രീന പി .എസ് ന് അന്തർ ജില്ല സ്ഥലം മാറ്റം മുഖേന കൊല്ലം ജില്ലയിലേക്ക് സ്ഥലം മാറ്റം നല്കി ഉത്തരവാകുന്നു .

കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ ടിയാൾക്ക് ഉചിതമായ നിയമനം നല്കേണ്ടതും പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ് . ടി ജീവനക്കാരി അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്നത് മുതൽ വകുപ്പിലെ ഏറ്റവും ജൂനിയറായ ജെ പി എച്ച് എൻ ഗ്രേഡ് II ന്റെ ജൂനിയറായി കണക്കാക്കേണ്ടതും നിലവിലെ സീനിയോറിറ്റി നഷ്ടപ്പെടുന്നതുമാണ് .

Signed by
Shinu K S
Date: 06-01-2026 18:06:19

**DR SHINU K S**

**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ശ്രീമതി . ഗ്രീന പി എസ്
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II, സിഎച്ച്സി കരുവാരക്കുണ്ട്
മലപ്പുറം (സ്ഥാപന മേധാവി മുഖാന്തിരം)

പകർപ്പ്,

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), മലപ്പുറം/കൊല്ലം
2. ഫയൽ.